പ്രൊഫഷണൽ എംപ്ലോയ്മെന്റ് വഴി ജോലി ലഭിച്ചവർ

51 [3501] *ശ്രീ. പി. കെ. അബ്ദുറബ്ബ് :*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള :*
,, *സി. മോയിൻകുട്ടി :*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ബി) ഇതിലെല്ലാംകൂടി എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കഴിഞ്ഞ രണ്ടുവർത്തിനിടയിൽ ഇതിൽ എത്രപേർക്ക് ജോലി ലഭിച്ചു?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു.

(ബി) 59205 പേർ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2070 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഇടവേളയുടെ ദൈർഘ്യം വർദ്ധിപ്പിക്കാൻ നടപടി

52 [3502] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യഥാസമയം എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുവാൻ കഴിയാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക്, അസൗകര്യമുണ്ടായ കാരണം സത്യവാങ്മൂലത്തിലൂടെ എഴുതിക്കൊടുത്ത് കാർഡ് പുതുക്കി നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഇടവേള എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇടവേളയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കി നൽകുവാൻ നിലവിൽ നിയമമില്ല.

(ബി) മൂന്നു വർഷം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. ഇപ്രകാരമുള്ള ചട്ടങ്ങൾ ദേശീയതലത്തിൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമാണ്.

പേരൂർക്കട ഇ. എസ്. ഐ. ആശുപത്രിയിൽ ഡോക്ടറുടെ അനാസ്ഥമൂലം മരണമടഞ്ഞ മുരുകന്റെ കുടുംബത്തിന് ധനസഹായം നൽകാൻ നടപടി

53 [3503] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഇ. എസ്. ഐ. ആശുപത്രിയിൽ കുടപ്പനക്കുന്ന് പഞ്ചായത്തിൽ ദേവീനിവാസിൽ മുരുകനെ ചികിൽസയ്ക്കായി പ്രവേശിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) മുരുകന്റെ രോഗം എന്തായിരുന്നു എന്തെല്ലാം ചികിൽസകളാണ് ടി യാന് ആശുപത്രിയിൽ നൽകിയത്; മുരുകന് നൽകിയ മരുന്നുകൾ എന്തെല്ലാമായിരുന്നു;

(സി) ഈ രോഗിയെ മെഡിക്കൽ കോളേജിലേക്ക് മാറ്റുവാൻ ഉണ്ടായ കാരണം എന്താണ്;

(ഡി) ഈ രോഗി മരിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) പരാതിയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചത്;

(എഫ്) ഡോക്ടറുടെ അനാസ്ഥമൂലം മരണമടഞ്ഞ മുരുകന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) 22-2-2005-ലാണ് ശ്രീ. മുരുകനെ പേരൂർക്കട ഇ. എസ്. ഐ. ആശുപത്രിയിൽ ചികിൽസയ്ക്കായി പ്രവേശിപ്പിച്ചത്.

(ബി) ചെവികളെ ബാധിക്കുന്ന ബൈലാറ്ററൽ ക്രോണിക് സപ്പുറേറ്റീവ് ഓട്ടൈറ്റിസ് മീഡിയ എന്നതായിരുന്നു ശ്രീ. മുരുകന്റെ രോഗം. പ്രാഥമിക പരിശോധന കൾക്കും ചികിസ്തസകൾക്കുംശേഷം ശ്രീ. മുരുകനെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി ആന്റി ബയോട്ടിക്കുകളും, വേദന സംഹാരികളും ആണ് മരുന്നുകളായി നൽകിയി ട്ടുള്ളത്.

(സി) രോഗിക്ക് ക്ഷീണം, നടുവേദന, ശ്വാസതടസ്സം ഇവ അനുഭവപ്പെടുകയും എക്സ്റേ പരിശോധനയിൽ, ശ്വാസകോശത്തിൽ നീർക്കെട്ട് കാണുകയും ചെയ്തതിനെ തുടർന്നാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തത്.

(ഡി) ശ്രീ മുരുകന്റെ ഭാര്യ ശ്രീമതി പാർവതി സർക്കാരിനു പരാതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly